# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3281 21.08.17 ൽ മറുപടിയ്ക്ക്

**വാഹനങ്ങൾക്ക് ഹരിത നികുതി**

| ചോദ്യം<br>ശ്രീ.അനിൽ അക്കര<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എ.പി. അനിൽ കുമാർ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ)<br>&<br>(ബി) | പഴയ വാഹനങ്ങളിൽ നിന്നുള്ള വായു മലിനീകരണം ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, അത്തരം വാഹനങ്ങളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനായി, സംസ്ഥാനത്ത് 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള നാലും അതിൽ കൂടുതൽ ചക്രങ്ങളുള്ളതുമായ സ്വകാര്യ വാഹനങ്ങൾക്കും, പത്തു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഗ്രീൻ ടാക്സ് എർപ്പെടുത്തുകയും അത് 01.01.2017 മുതൽ പ്രാബല്യത്തിൽ വരുകയും ചെയ്തിട്ടുണ്ട് |
| (ബി) | ഏതെല്ലാം വാഹനങ്ങൾക്കാണ് നികുതി ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിവരിക്കുമോ; | | |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം ഈയിനത്തിൽ എത്ര തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (01.01.2017 മുതൽ 31.03.2017 വരെ) 65,79,900/- രൂപ ഹരിത നികുതിയിനത്തിൽ മോട്ടോർ വാഹന വകുപ്പ് പിരിച്ചെടുത്തിട്ടുണ്ട്. |
| (ഡി) | നികുതി അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കുവാൻ നിലവിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | നികുതി അടയ്ക്കാത്ത വാഹനങ്ങൾക്ക് ഒരു സേവനവും നൽകാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഫിറ്റ്നസ് ടെസ്റ്റിന് ഹാജരാക്കുമ്പോഴും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ രജിസ്ട്രേഷൻ പുതുക്കാൻ ഹാജരാക്കുമ്പോഴും ഗ്രീൻ ടാക്സ് ഉൾപ്പെടെയുള്ള നികുതികൾ അടച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നിർദ്ദേശം എല്ലാ |

| | | | |
|---|---|---|---|
| | | | ഓഫീസുകൾക്കും മോട്ടോർ വാഹന വകുപ്പ് നൽകിയിട്ടുണ്ട്. 01.01.2017 മുതൽ ഗ്രീൻ ടാക്സ് അടയ്ക്കാത്ത മേൽത്തരം വാഹനങ്ങളിൽ നിന്നും അവർ എന്ന് സർവ്വീസിനായി ഓഫീസിൽ വന്നാലും 01.01.2017 മുതലുള്ള ഗ്രീൻ ടാക്സ് ഈടാക്കുന്നതിനും, റോഡിൽ പരിശോധന നടത്തുമ്പോൾ ഗ്രീൻ ടാക്സ് അടയ്ക്കാത്ത വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 100/- രൂപ പിഴ ചുമത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് പ്രവേശിയ്ക്കുന്ന ട്രാൻസ്പോർട്ട്/നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ചെക്ക് പോസ്റ്റ് വഴിയോ അല്ലാതെയോ ഗ്രീൻ ടാക്സ് ഈടാക്കുന്നതിനും, വാഹന പരിശോധന സമയത്തും ഇത്തരം വാഹനങ്ങൾ ഗ്രീൻ ടാക്സ് അടച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനും ഉള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**